# സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

(സാന്നിദ്ധ്യം: വി. എൻ. ജിതേന്ദ്രൻ.)

ഉത്തരവ് നമ്പർ. ഇ.9/ 3400/14 (6)

തിരുവനന്തപുരം
തീയതി 19-11-2014

---

വിഷയം : സാമൂഹ്യ നീതി വകുപ്പ് -ജീവനക്കാര്യം- സാമൂഹ്യ നീതി വകുപ്പിലെ ക്ലാസ്സ് IV വിഭാഗം (ലാസ്റ്റ് ഗ്രേഡ്) ജീവനക്കാർക്ക് തസ്തികമാറ്റംവഴി ക്ലാർക്ക്/ ലോവർഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികകളിൽ (9940-16580 ശമ്പള സ്കെയിൽ) ബൈട്രാൻസ്ഫർ നിയമനം നൽകുന്നതിലേക്കായി 13.12.2010 പ്രാബല്യത്തിൽ തയ്യാറാക്കിയ **ഇടുക്കി ജില്ലയിലെ** ജില്ലാതല അന്തിമ സംയുക്ത സീനിയോറിറ്റിലിസ്റ്റ് പ്രസിദ്ധീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം::

1. സ.ഉ (പി)നം. 01 /2014/ഉ.ഭ.പ.വ തീയതി 03-01-2014
2. സാമൂഹ്യനീതി ഡയറക്ടറുടെ 16 -01-2014 ലെ ഇ.9/ 3400/14 നമ്പർ പരിപത്രം
3. സ.ഉ (പി)നം. 21 /2014/ഉ.ഭ.പ.വ തീയതി 19-07-2014
4. സാമൂഹ്യനീതി ഡയറക്ടറുടെ 12 -09-2014 ലെ ഇ.9/ 3400/14 നമ്പർ നടപടിക്രമങ്ങൾ.
5. തൊടുപുഴ CDPO യുടെ 22-09-2014 ലെ ICDS/T/1/2014നമ്പർ കത്ത്

പരാമർശം (1) ലെ സർക്കാർ ഉത്തരവ് അനുസരിച്ച് ക്ലാർക്ക്/ എൽ. ഡി. ടൈപ്പിസ്റ്റ് തസ്തികയിലെ ശമ്പള സ്കെയിലായ 9940-16580 ശമ്പളത്തോക്കാൾ താഴ്ന്ന ശമ്പള സ്കെയിലുള്ള ലാസ്റ്റ് ഗ്രേഡ് സർവ്വീസ് വിശേഷാൽ ചട്ടത്തിൽ ഉൾപ്പെട്ട ക്ലാസ്സ് IV വിഭാഗം ജീവനക്കാർക്കും വകുപ്പിലെ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട വിവിധ വിഭാഗം ജീവനക്കാർക്കും ക്ലാർക്ക്/ എൽ. ഡി. ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവിന്റെ 10% തസ്തികമാറ്റം മുഖേന നിയമനം നൽകുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്.

പരാമർശം (1) പ്രകാരമുള്ള 10% ഒഴിവുകളിലേക്ക് തസ്തികമാറ്റം വഴിയുള്ള നിയമനം എപ്രകാരമായിരിക്കണമെന്നത് സംബന്ധിച്ച് പരാമർശം (3) പ്രകാരം സർക്കാർ സ്പഷ്ടീകരണം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത സ്പഷ്ടീകരണത്തിന്റെ വെളിച്ചത്തിൽ 13.12.2010 വരെ **ഇടുക്കി** ജില്ലാ പി.എസ്സ്.സി ആഫീസിൽ നിന്നും ലഭിച്ച നിയമന ശുപാർശയുടെ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ലാസ്റ്റ് ഗ്രേഡ് സർവ്വീസ് വിശേഷാൽ ചട്ടത്തിൽ ഉൾപ്പെട്ട ക്ലാസ്സ് IV വിഭാഗം ജീവനക്കാരേയും, വകുപ്പിലെ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട 9940-16580 ശമ്പള സ്കെയിലിന് താഴെയുള്ള ഓഫീസ് അറ്റന്റന്റ്, വാച്ച് മാൻ, വാച്ച്വുമൺ, ആയ, ഡ്രൈവർ, ക്ലറിക്കൽ അറ്റന്റർ, കുക്ക് തുടങ്ങി വകുപ്പിൽ ജോലിചെയ്യുന്ന 9940-16580 ശമ്പള സ്കെയിലിനെക്കാൾ താഴ്ന്ന ശമ്പള സ്കെയിലുള്ള എല്ലാ വിഭാഗം ജീവനക്കാരെയും ഉൾപ്പെടുത്തി പരാമർശം (4) പ്രകാരം കരട് ജില്ലാതല സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ആക്ഷേപങ്ങൾ/ പരാതികൾ ക്ഷണിക്കുകയും

ചെയ്തിരുന്നു. ഇതിൻ പ്രകാരം ലഭ്യമായ പരാതികൾ എല്ലാം പരിശോധിക്കുകയും ചുവടെ വിവരിച്ചിരിക്കും പ്രകാരമുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

ലാസ്റ്റ് ഗ്രേഡ് സർവ്വീസ് വിശേഷാൽ ചട്ടത്തിൽ ഉൾപ്പെട്ട ക്ലാസ്സ് IV വിഭാഗം ജീവനക്കാരേയും, വകുപ്പിലെ സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട 9940-16580 ശമ്പള സ്കെയിലിന് താഴെയുള്ള ജീവനക്കാരേയും മാത്രമേ ഈ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്താൻ നിർവ്വാഹമുള്ളു. ആയതിനാൽ പ്രസ്തുത വിഭാഗത്തിൽ ഉൾപ്പെട്ടവരും എന്നാൽ 9940-16580 ശമ്പള സ്കെയിലിന് മുകളിൽ ശമ്പള സ്കെയിലിൽ ഉള്ളതുമായ ജീവനക്കാരുടെ അപേക്ഷകൾ ഈ സീനിയോറിറ്റി ലിസ്റ്റിൽ പരിഗണിച്ചിട്ടില്ല.

ജീവനക്കാർ സമർപ്പിച്ച യോഗ്യതാ സർട്ടിഫിക്കറ്റുകൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇതോടൊപ്പമുള്ള അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ആവശ്യമായ ഉൾപ്പെടുത്തലുകൾ വരുത്തിയിട്ടുണ്ട്.

കരട് സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നം.1- ലെ ശ്രീ. കെ. ജി. സുഭാഷ്, 3- ലെ ശ്രീ. എം.എം. മുഹമ്മദ്, 5- ലെ ശ്രീ. ജെയ് മോൻ ജോർജ്ജ്, 11-ലെ ശ്രീമതി. റീനാമോൾ ചാക്കോ എന്നിവരുടെ അപേക്ഷ ലഭിച്ചിട്ടില്ലാത്തതിനാൽ ഇവരെ അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ ക്രമ നമ്പർ 7 ലെ ശ്രീമതി. ജയകുമാരി 31.12.2012 ൽ അന്തർ ജില്ലാമാറ്റത്തിലുടെ ഇടുക്കി ജില്ലയിലേക്ക് മാറിവന്നതിനാൽ ടിയാളേയും അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

തൊടുപുഴ ICDS ൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ സേവനമനുഷ്ടിക്കുന്ന ശ്രീ. സി. ഡി. മനോജ് –നെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് പരാമർശം (5) പ്രകാരം അപേക്ഷ ലഭിച്ചിരുന്നു. അന്തർ ജില്ലാ സ്ഥലംമാറ്റത്തിലൂടെ 07.06.2004 ൽ ഇടുക്കി ജില്ലയിൽ ജോലിയിൽ പ്രവേശിച്ച ശ്രീ. സി. ഡി. മനോജ് തുടർന്ന് ഡെപ്യൂട്ടേഷനിൽ പോകുകയും, കാലാവധികഴിഞ്ഞതിനെതുടർന്ന് വകുപ്പിൽ തിരികെ ജോലിയിൽ പ്രവേശിച്ചപ്പോൾ ഇടുക്കി ജില്ലയിൽ ഒഴിവില്ലാതിരുന്നതിനാൽ കോട്ടയം ജില്ലയിൽ നിയമിക്കപ്പെടുകയും തുടർന്ന് ഒഴിവുണ്ടായപ്പോൾ ഇടുക്കിയിലേക്ക് മാറ്റി നിയമിക്കപ്പെടുകയും ചെയ്തു എന്ന് ബോദ്ധ്യപ്പെട്ടതിനാൽ ഇടുക്കി ജില്ലയിൽ നിയമിക്കപ്പെട്ട 07.06.2004 തീയതിയിൽ സീനിയോറിറ്റി കണക്കാക്കി അന്തിമ സീനിയോറിറ്റി ലിസ്റ്റിൽ ക്രമ നം.2 ആയി ഉൾപ്പെടുത്തുന്നു. ഇപ്രകാരം സീനിയോറിറ്റി ലിസ്റ്റ് പുനർക്രമീകരിച്ചിട്ടുണ്ട്.

മേൽ സാഹചര്യങ്ങളിൽ പരാമർശം (4) പ്രകാരം പ്രസിദ്ധീകരിച്ച താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് മേൽ പ്രതിപാദിച്ച മാറ്റങ്ങളോടെ 9 പേർ ഉൾപ്പെടുന്ന അന്തിമ സംയുക്ത സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ഒപ്പ്

സാമൂഹ്യനീതി ഡയറക്ടർ

ബന്ധപ്പെട്ടവർക്ക് (കാര്യാലയമേധാവികൾ മുഖേന)

പകർപ്പ്: ബന്ധപ്പെട്ട കാര്യാലയമേധാവികൾ

1. വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്
2. ഈ കാര്യാലയത്തിലെ എല്ലാ എസ്റ്റാബ്ലിഷ്മെന്റ് സീറ്റുകൾക്കും
3. ഫയൽ/ സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

# അനുബന്ധം - 1

സാമൂഹ്യ നീതി വകുപ്പിലെ ക്ലാസ്സ് IV വിഭാഗം (ലാസ്റ്റ് ഗ്രേഡ്) ജീവനക്കാർക്ക് തസ്തികമാറ്റംവഴി ജൂനിയർ. ക്ലാർക്ക്/ ലോവർഡിവിഷൻ ടൈപ്പിസ്റ്റ് തസ്തികകളിൽ ബൈട്രാൻസ്ഫർ നിയമനം നൽകുന്നതിലേക്കായി സാമൂഹ്യ നീതി വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് സർവ്വീസ് സ്പെഷ്യൽ റൂളിൽ ഉൾപ്പെട്ട ക്ലാസ്സ് IV വിഭാഗം ജീവനക്കാരുടേയും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട വകുപ്പിലെ വിവിധ വിഭാഗം ജീവനക്കാരുടേയും 13-12-2010 വരെയുള്ള അന്തിമ സംയുക്ത സീനിയോറിറ്റി ലിസ്റ്റ്. **(ഇടുക്കി ജില്ല).**

| ക്രമനം | ജില്ല | പേര് | തസ്തിക | ജനന തീയതി | ശമ്പള സ്കെയിൽ | വിദ്യാഭ്യാസ യോഗ്യത | പി. എസ്സ്. സി. നിയമന നിർദ്ദേശക്കത്ത് നമ്പരും തീയതിയും//സർക്കാർ/ ജില്ലാ കളക്ടറുടെ ഉത്തരവ് നമ്പരും തീയതിയും | ഈ വകുപ്പിൽ നിന്നുള്ള നിയമന ഉത്തരവ് നമ്പരും തീയതിയും | ജോലിയിൽ പ്രവേശിച്ച തീയതി | പൂർത്തീകരിച്ച വർഷം | അഭിപ്രായം |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 11 |
| 1. | IDK | ശ്രീമതി. K.M.വിജയമ്മ (SC) | OA | 1/5/1959 | 8730-13540 | SSLC, Type Bep(Y), Mal(H), SH (Eng) | IDB-1/2467/96 dt. 20-03-2001, PSC, IDK | E6-12313/01(2) / DSW Dt. 11-07-01 | **19-07-2001** | 12 | അന്തർ വകുപ്പ് നിയമനം |
| 2. | IDK | ശ്രീ. C.D. മനോജ് | OA | 06-04-1974 | 8730-13540 | SSLC | DTD(3) 3527/96 dtd. 08-12-1999 PSC, TVM | E6/40371/99 dt. **08-05-2000** | 07-06-2004 | 9 | അന്തർ ജില്ലാ സ്ഥലംമാറ്റം |
| 3. | IDK | ശ്രീ. K.K.ഷാഹുൽ | OA | 08/03/1971 | 8730-13540 | SSLC | IDB(3)Addl/3532/01 dt.**21-10-05** Dist. PSC Idukki | EII(2)4461/00/ DSW dt. 31-10-2005 | 9/11/2005 | 8 | |
| 4. | IDK | ശ്രീ. T.C. ജാനമ്മ (SC) | OA | 19-04-1964 | 8500-13210 | SSLC | IDB(3)/Addl.3532/ 01 Dt.**17-05-06** Dist. PSC Idukki | EII(2)44611/00 (1) /DSW dt. 01-06-06 | 7/6/2006 | 7 | |
| 5. | IDK | ശ്രീ. M.A. സന്തോഷ് | OA | 15-04-1977 | 8500-13210 | PDC | IDB(3)Addl.3532/01 dt.07-03-2006, PSC IDK | E6/28462/08/ DSW dt. **02-08-2008** | 1/9/2008 | 5 | അന്തർ വകുപ്പ് നിയമനം |
| 6. | IDK | ശ്രീ. P.G. രാധാകൃഷ്ണൻ | OA | 1/4/1977 | 8500-13210 | SSLC | IDE(3)2553/06 dt.**19-05-09** Dist. PSC Idukki | E6/243/07/DSW Dt. 24-06-2009 | 4/7/2009 | 4 | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 7. | IDK | ശ്രീ. K. നൗഫൽ | OA | 01/06/1980 | 8500-13210 | SSLC, +2 | IDE(3)2553/06 dt. **26-09-09** Dist. PSC Idukki | E6/243/07/DSW Dt. 10-11-2009 | 25-11-2009 | 4 | |
| 8. | IDK | ശ്രീമതി. K.K. സിജി മോൾ | OA | 20-05-1979 | 8500-13210 | BA, Dipl. in Comp. Progrm | IDE(3)2553/06 dt. **29-10-09** Dist. PSC Idukki | E6/243/07/DSW Dt. 17-12-2009 | 1/1/2010 | 4 | |
| 9. | IDK | ശ്രീമതി. P.R. ഷോമ | OA | 28-12-1980 | 8500-13210 | SSLC, MA, MS Office | IDE(3)2553/06 Dt.**23-06-10** Dist. PSC Idukki | E6/611/10/DSW Dt. 31-07-2010 | 11/8/2010 | 3 | |

സാമൂഹ്യനീതി ഡയറക്ടർക്ക് വേണ്ടി